പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 69 **22-06-2026-ൽ മറുപടിയ്ക്ക്**

കിഫ്ബി വായ്പകളുടെ തിരിച്ചടവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ
ശ്രീ. സി. കെ. കാസിം
ശ്രീ. പി. കെ. നവാസ്
ശ്രീ. കുറുക്കോളി മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കിഫ്ബി എടുക്കുന്ന വായ്പകളുടെ തിരിച്ചടവിനായി ഏതെല്ലാം രീതിയിലാണ് തുക കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: കിഫ് ആക്ട് പ്രകാരം സർക്കാരിൽ നിന്നും ലഭിച്ചു വരുന്ന തുക, വരുമാനദായകമായ പദ്ധതികളിൽ നിന്നുള്ള തുക, നിക്ഷേപങ്ങളിൽ നിന്നും പലിശ ഇനത്തിൽ ലഭിക്കുന്ന തുക എന്നിവയാണ് കിഫ്ബിയുടെ വായ്പകൾ തിരിച്ചടക്കുന്നതിനു പ്രധാനമായും ഉപയോഗിക്കുന്നത്.

(ബി) ബഡ്ജറ്റിന് പുറത്തുനിന്നുള്ള ഇത്തരം കടമെടുപ്പുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: കിഫ് ആക്ടിലെ വകുപ്പ് 7(1) പ്രകാരം, ആനിറ്റി നൽകുന്നതിനോ ആക്ടിലെ 8-ാം വകുപ്പ് പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാദ്ധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണ നിർവ്വഹണപരവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ, സമയാസമയങ്ങളിൽ, വാർഷിക ബജറ്റിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. സർക്കാർ മുൻവർഷം പിരിച്ചെടുത്ത മോട്ടോർ വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗവും പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തിയിട്ടുള്ള സെസ്സുമാണ് സർക്കാർ കിഫ്ബിയിലേക്ക് നൽകുന്നത്. ഈ തുകകളാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തുന്നത്.

(സി) ഓഫ് ബഡ്ജറ്റ് കടമെടുപ്പുമൂലം ഖജനാവിനുണ്ടാകുന്ന അധിക ബാധ്യത സാമ്പത്തിക പ്രതിസന്ധിക്കു കാരണമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മറുപടി: സർക്കാർ ഏജൻസികൾ നടത്തുന്ന ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളും സർക്കാരിന്റെ വായ്പ്പയായി കേന്ദ്ര സർക്കാർ കണക്കാക്കുന്നത് മൂലം സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ ഗണ്യമായ കുറവ് സംഭവിക്കുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റിനെ കാര്യമായി ബാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ